# മെത്രാപ്പോലീത്തായുടെ കത്ത്



**(സെപ്റ്റംബർ 2016)**

**കർത്താവിൽ പ്രിയരേ,**

കേരളക്കരയെ കുളിർപ്പിച്ചും തണുപ്പിച്ചും കടന്നുവന്ന കാലവർഷം വലിയ കെടുതികൾ ഏൽപിക്കാതെ കടന്നുപോകുകയും പൊന്നിൻ ചിങ്ങമാസം ഉന്മേഷത്തോടും ആവേശത്തോടും കൂടി വന്നെത്തുകയും ചെയ്തിരിക്കുന്നു. ഭാരതത്തിൽ പല സംസ്ഥാനങ്ങളിലും മുൻവർഷങ്ങളെ അപേക്ഷിച്ച് നല്ല മഴ ലഭിച്ച വർഷമായിരുന്നു ഇത്. ഭക്ഷ്യോൽപാദനത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ കാലവർഷത്തിന്റെ ഈ കനിവ് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കാം. കേരളത്തിൽ കാലവർഷത്തിന്റെ ശക്തി കുറവായിരുന്നതിന്റെ ഫലമായി നമ്മുടെ സമുദ്രോൽപന്നങ്ങളുടെ ലഭ്യതയിൽ ആശങ്കയുണ്ടായിട്ടുണ്ട്. കരകൃഷിയ്ക്കാവശ്യമായ വെള്ളം ലഭ്യമായെങ്കിലും നെൽപാടങ്ങൾ പലതും തരിശായി കിടക്കുന്നതിനാൽ ആ മേഖലയിൽ ഉൽപാദനം നടക്കാതെ വരുന്നതുമൂലം കേരളം അഭിമുഖീകരിക്കുന്ന ഭക്ഷ്യപ്രതിസന്ധി പ്രതിസന്ധിയായിത്തന്നെ തുടരുന്ന സ്ഥിതിവിശേഷമാണുള്ളത്. പണ്ട് ഈജിപ്തിൽ അസ്വാൻഡാം നിർമ്മിച്ചതിന്റെ ഫലമായി കരഭൂമിയിൽ വിഭവശേഷി വർദ്ധിച്ചുവെങ്കിലും മധ്യധരണിക്കടലിലേക്കുള്ള ജലപ്രവാഹത്തിന്റെ അപര്യാപ്തതമൂലം മൽസ്യസമ്പത്ത് വളരെയേറെ നഷ്ടപ്പെട്ടതിനെക്കുറിച്ച് ഒരു ലേഖനത്തിൽ വായിച്ചതോർക്കുന്നു. 'മനുഷ്യൻ കരയിൽ സമ്പാദിച്ചു. അതിൽ അധികമായി സമുദ്രത്തിൽ നഷ്ടപ്പെട്ടു' എന്നാണ് അന്ന് വാർത്ത വന്നത്. അതിന്റെ പ്രധാന കാരണം നൈൽ നദിയുടെ പതനസ്ഥലത്തു രൂപപ്പെടുന്ന നദികളുടെ സംഗമസ്ഥാനത്താണ് അവിടുത്തെ പ്രത്യേക പരിതസ്ഥിതിയിൽ മൽസ്യങ്ങൾ മുട്ടയിടുന്നതും മൽസ്യങ്ങൾ പെരുകുന്നതും എന്നതായിരുന്നു. ജലപ്രവാഹങ്ങളുടെ അപര്യാപ്തത സൃഷ്ടിച്ച പ്രതിസന്ധി ഈ മൽസ്യ വർദ്ധനവിനെയാണ് പ്രതികൂലമായി ബാധിച്ചത് എന്നതൊരു ചരിത്രപാഠമാണ്. നമ്മുടെ കേരളത്തിൽ മിഥുനം, കർക്കടകം മാസങ്ങളിൽ പോലും കടലിലേക്കുള്ള വെള്ളത്തിന്റെ ഒഴുക്ക് കുറഞ്ഞത് കാലാവസ്ഥാവ്യതിയാനം സൃഷ്ടിച്ച ഒരു പ്രതിഭാസമായിരുന്നു. അയല, മത്തി തുടങ്ങിയ മൽസ്യങ്ങളുടെ ലഭ്യതയിൽ പോലും അങ്ങനെ ഈ വർഷം കുറവുണ്ടായി എന്നതൊരു യാഥാർത്ഥ്യമാണ്. ഇന്ന്, മൽസ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്ന് മുമ്പ് സൂചിപ്പിച്ചതുപോലുള്ള കാലാവസ്ഥാ വ്യതിയാനവും നദീജലസ്രോതസുകളിലെ മലിനീകരണവുമാണ്. നദികൾ മാലിന്യവിമുക്തമാക്കി, നദികളെ വീണ്ടും ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായില്ലെങ്കിൽ അതു മൽസ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുകയും നമ്മുടെ സാമ്പത്തികസ്ഥിതിയിൽത്തന്നെ പ്രതിസന്ധികൾ സൃഷ്ടിക്കുകയും ചെയ്യും. നദികളിലെ ജല മലിനീകരണം ഒരു ഗുരുതരമായ പരിസ്ഥിതി പ്രശ്നമായി ഇന്നു മാറിയിരിക്കുകയാണ്. നദികളെ മാലിന്യവിമുക്തമാക്കുവാനുള്ള പരിശ്രമങ്ങൾ ഗവൺമെന്റിന്റെയും പൊതുസമൂഹത്തിന്റെയും കൂട്ടായ പരിശ്രമഫലമായി രൂപപ്പെടേണ്ടതായിട്ടാണിരിക്കുന്നത്.

കേരളത്തിലങ്ങോളമിങ്ങോളം തെരുവുനായ്ക്കൾ കുട്ടികളെയും മുതിർന്നവരെയുമെല്ലാം കടിച്ചുകീറുന്ന സംഭവങ്ങൾ ഇന്ന് നിത്യസംഭവമായി മാറിയിരിക്കുകയാണ്. പലപ്പോഴും കൊച്ചുകുട്ടികളും പാവപ്പെട്ടവരുമാണ് കൂടുതൽ ഇരകളാക്കപ്പെടുന്നത് എന്നതും ഒരു യാഥാർത്ഥ്യമാണ്. മൃഗസ്നേഹത്തിന്റെ പേരു പറഞ്ഞ് തെരുവുനായ്ക്കളെ യഥേഷ്ടം വിഹരിക്കാൻ അനുവദിക്കുമ്പോൾ മനുഷ്യന്റെ സ്വൈര്യജീവിതം അപകടത്തിലാകുകയാണെന്ന യാഥാർത്ഥ്യം കണ്ടില്ലെന്നു നടിക്കുന്നത് ഒരു ഭരണകൂടത്തിനും ഭൂഷണമല്ല. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റും തമ്മിൽ സംഘർഷത്തിന്റെ പാതയിലേക്കു നീങ്ങുകയല്ല വേണ്ടത്, കേരളത്തിലെ ജനങ്ങളുടെ സ്വൈര്യജീവിതം യാഥാർത്ഥ്യമാക്കാൻ ഒരുമിച്ചു നിൽക്കുകയാണു വേണ്ടത്. തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായിത്തന്നെ വർദ്ധിച്ചുവരുന്നുണ്ട്. അവയ്ക്കു വേണ്ടത്ര ഭക്ഷണം കിട്ടാതെ വരുമ്പോഴാണ് കോഴികളെയും താറാവിനെയും കടിച്ചുകീറിത്തിന്നുന്ന പ്രവണതയിലേക്കും ആ പ്രവണത കൂടുതൽ ഗുരുതരമായ അവസ്ഥയിൽ അവയുടെ ആക്രമണം മനുഷ്യരിലേക്കും വ്യാപിക്കുന്നത്. വീട്ടിലെ ഭക്ഷ്യവസ്തുക്കളുടെ ശേഷിപ്പുകൾ തെരുവിലേക്കു വലിച്ചെറിയുന്ന മലയാളികളുടെ 'അത്യാധുനിക സംസ്കാരം', ആ ഭക്ഷ്യവസ്തുക്കൾക്കായി തെരുവിൽ ഒത്തുകൂടാൻ നായ്ക്കളെ പ്രേരിപ്പിക്കുന്നതാണ്. തെരുവു നായ്ക്കളെ പിടിച്ച് അവയ്ക്കു ഭക്ഷണം നൽകി സംരക്ഷിക്കാനുള്ള സുരക്ഷിതകേന്ദ്രങ്ങൾ രൂപപ്പെടുത്തിയാൽ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. അതോടുകൂടി തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന പ്രവണതയും അവസാനിക്കും. ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാനഗവൺമെന്റുകൾ കൂട്ടായി ആലോചിച്ച് ഉചിതമായ നടപടികൾ എടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

പൊന്നിൻ ചിങ്ങമാസത്തിന്റെ നാളുകളിലേക്ക് പ്രവേശിച്ച് മലയാളികൾ എവിടെയും ഓണത്തെ വരവേൽക്കാനുള്ള തയ്യാറെടുപ്പിലാണ്. കള്ളവും ചതിവും ഇല്ലാത്ത, 'എള്ളോളം പോലും പൊളിവചനം' ഇല്ലാത്ത ഒരു നല്ല കാലത്തിന്റെ ഓർമ്മകളെ വരവേറ്റുകൊണ്ടാണ് നാം ഓണം ആഘോഷിക്കുന്നത്. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സുവർണ്ണനാളുകളെക്കുറിച്ചുള്ള സുന്ദരസ്മൃതികളുടെ ലഹരിയിൽ മുഴുകുന്നതു മാത്രമല്ല, ആ നന്മയുടെ അനുഭവങ്ങളെ വർത്തമാനകാല യാഥാർത്ഥ്യമാക്കി രൂപപ്പെടുത്താനുള്ള ബോധപൂർവമായ പരിശ്രമമാണ് ശരിയായ ഓണാഘോഷം. ഒരു തിരുവോണനാളിൽ ഒരുമിച്ചിരുന്നു ഓണസദ്യ ഉണ്ണുന്നതിൽ മാത്രമായി ചുരുങ്ങിപ്പോകുന്നതാകരുത് നമ്മുടെ

ഐക്യം; അതിലുപരിയായി സംവൽസരത്തിന്റെ എല്ലാ നാളുകളിലും സഹകരണത്തിലും ഒരുമയിലും കഴിയുന്ന ഒരു നല്ല നാളെയ്ക്കായിട്ടായിരിക്കണം നാം ഒരുങ്ങേണ്ടത്. ഈ വർഷത്തെ ഓണം ഇത്തരം ഒരു അനുഭവത്തിലേക്കുള്ള രൂപാന്തരമായിത്തീരുവാൻ പ്രാർത്ഥിക്കാം.

സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന ഏകീകൃത സിവിൽ കോഡും ജുവനൈൽ ആക്ടും പൊതുസമൂഹം ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. ആക്ടുകളുടെ ഡ്രാഫ്റ്റുകൾ പുറത്തിറങ്ങുമ്പോൾ അവ ശരിയായി പഠിച്ച് അഭിപ്രായങ്ങളിൽ പൊതുധാരണ രൂപപ്പെടുത്തുവാൻ ശ്രമം നടക്കണം. ഇക്കാര്യത്തിൽ പൊതുസമൂഹത്തിന്റെ ആശങ്കകൾ ദൂരീകരിക്കുവാൻ ഒരു ജനാധിപത്യസർക്കാരിനു നിശ്ചയമായും കടമയും ഉത്തരവാദിത്വവുമുണ്ട്.

കേരളരാഷ്ട്രീയത്തിലെ മുന്നണിസംവിധാനങ്ങളിൽ പ്രബലപ്പെടുന്ന വിഘടനവാദങ്ങളും അവസരവാദനിലപാടുകളും രാഷ്ട്രീയത്തെത്തന്നെ കൂടുതൽ മലീമസമാക്കുവാൻ മാത്രമേ സഹായിക്കുകയുള്ളൂ. രാഷ്ട്രീയ കക്ഷികൾ ശിഥിലഗ്രൂപ്പുകളായിത്തീർന്ന് തൽക്കാലകാര്യസാധ്യത്തിനുവേണ്ടി നിലപാടുകൾ സ്വീകരിക്കുന്നത് ആർക്കും ഭൂഷണമല്ല എന്നു തിരിച്ചറിയേണ്ടതായിട്ടുണ്ട്. അമേരിക്കയുടെ കരുത്തനായ പ്രസിഡണ്ടായിരുന്ന ജോൺ എഫ് കെന്നഡി തന്റെ സ്ഥാനാരോഹണ വേളയിലെ പ്രസംഗത്തിൽ പറഞ്ഞ വാക്കുകൾ സ്വന്തം ഹൃദയഫലകത്തിൽ ഓരോരുത്തരും എഴുതി സൂക്ഷിക്കേണ്ടതാണ്. അദ്ദേഹം ഇപ്രകാരം പറഞ്ഞു – “നിങ്ങളുടെ രാജ്യത്തുനിന്നും നിങ്ങൾക്ക് എന്തു കിട്ടുമെന്നു ചിന്തിക്കാതെ, നിങ്ങളുടെ രാജ്യത്തിനു നിങ്ങൾക്കെന്ത് കൊടുക്കാൻ കഴിയുമെന്ന് ചിന്തിക്കുക”. ഇങ്ങോട്ട് എന്തു കിട്ടും എന്നു മാത്രം നോക്കിയല്ല രാഷ്ട്രീയ സമീപനങ്ങൾ സ്വീകരിക്കേണ്ടത്; രാഷ്ട്രതാൽപര്യങ്ങൾക്കനുസരിച്ചും ജനാധിപത്യമൂല്യങ്ങൾക്കനുസരിച്ചുമായിട്ടായിരിക്കണം തീരുമാനങ്ങളും സമീപനങ്ങളും കൈക്കൊള്ളേണ്ടത്.

കഴിഞ്ഞ താരകയിലെ കത്തിൽ നമ്മുടെ ഒരു യുവ പട്ടക്കാരന്റെ കരൾരോഗസംബന്ധമായ ചികിത്സയ്ക്ക് ധനസമാഹരണത്തിനായി ഒരു അറിയിപ്പ് നൽകിയിരുന്നു. കരൾമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് അച്ചനിപ്പോൾ സുഖം പ്രാപിച്ചു വരുന്നു. ദൈവത്തിന്റെ വലിയ കൃപയാൽ ഓപ്പറേഷൻ വിജയകരമായി നിർവഹിപ്പാൻ വെല്ലൂർ ആശുപത്രിയിലെ ഡോക്ടേഴ്സിനു സാധിച്ചു. ചികിൽസാചെലവിലേക്കായി ധനസഹായം നൽകിയ ഉദാരമനസ്കരായ ഏവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

സെപ്റ്റംബർ 27 ചൊവ്വാഴ്ച ദക്ഷിണേന്ത്യ സഭാ സ്ഥാപക ദിനമാണ്. ദക്ഷിണേന്ത്യാ സഭ ധന്യതയുടെ 7 ദശകങ്ങൾ പിന്നിട്ട് സപ്തതിയുടെ നിറവിലെത്തി നിൽക്കുകയാണ്. ഇന്നെയോളം ആ സഭയുമായി ശുശ്രൂഷയിലെ ഐക്യത്തിൽ പോകുവാൻ മാർത്തോമ്മാ സഭയ്ക്കു കഴിഞ്ഞിട്ടുണ്ട്. ദക്ഷിണേന്ത്യാ സഭയുടെ ശുശ്രൂഷകളെയോർത്ത് ദൈവത്തെ സ്തുതിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.

സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ഇരിങ്ങാലക്കുടയിൽ നടന്ന യോഗത്തിൽ പ്രത്യേക ക്ഷണപ്രകാരം പങ്കെടുക്കുകയും മാർത്തോമ്മാ സഭയുടെ ആശംസകൾ അറിയിക്കുകയും ചെയ്തു.

തിരുവല്ലായിൽ വെച്ചു നടന്ന കെ.സി.സി. പ്ലാറ്റിനം ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്യുകയുണ്ടായി. കഴിഞ്ഞ ദിവസം അടൂരിൽ വെച്ച് ചേർന്ന കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ വാർഷിക അസംബ്ലിയും ഉദ്ഘാടനം ചെയ്തു. അടുത്ത മൂന്നു വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ട്രഷററായി നമ്മുടെ അത്മായ സഭാ ട്രസ്റ്റി അഡ്വ. പ്രകാശ് പി. തോമസ് തിരഞ്ഞെടുക്കപ്പെട്ടു. എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് മാർത്തോമ്മാ സഭയിൽ നിന്നും നാലു പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ടു. പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു. അടുത്ത മൂന്നുവർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനകളും പിന്തുണയും വാഗ്ദാനം ചെയ്യുന്നു.

സിംഗപ്പൂർ ഇടവക സ്ഥാപിതമായതിന്റെ 80–ാം വാർഷികാചരണപരിപാടികളിൽ പങ്കെടുത്തു. ഇന്ത്യയ്ക്കു വെളിയിൽ ആദ്യമായി രൂപീകൃതമായ മാർത്തോമ്മ ഇടവകയാണ് സിംഗപ്പൂർ മാർത്തോമ്മാ ഇടവക. ആശംസകൾ നേരുന്നു.

ഇക്കഴിഞ്ഞ സിവിൽ സർവീസ് പരീക്ഷയിൽ മല്ലപ്പള്ളി സെന്റ് ആൻഡ്രൂസ് ഇടവകയിൽ ശ്രീ. വി. വർഗീസിന്റെയും ശ്രീമതി റാണി വർഗീസിന്റെയും മകൾ സുഭഗ ആൻ വർഗീസും ഇളംകുളം മാർത്തോമ്മാ ഇടവകയിൽ ശ്രീ. റോയി പി. തോമസിന്റെയും മുൻ സഭാ കൗൺസിൽ അംഗം കൂടിയാ ശ്രീമതി ഏലിയാമ്മ തോമസി (ലീന) ന്റെയും മകൾ അന്ന ശോശാ തോമസും ഉന്നത വിജയം കരസ്ഥമാക്കിയതിൽ സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സത്ന മിഷൻ സെന്ററിൽ ഒരു വിമൻസ് കോളേജ് ഓഗസ്റ്റ് 30 ന് ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. ICSE ഹയർ സെക്കണ്ടറി സ്കൂളിനോട് ചേർന്ന്, റീവാ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു Teacher Training College ഉം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സത്നായിലെ വിദ്യാഭ്യാസമേഖലയിൽ, സ്ഥാപക നേതാക്കൾക്കുണ്ടായിരുന്ന ദർശനം വളർത്തിയെടുക്കുന്നതിൽ വികാരി ജനറാൽ വെരി. റവ. സി.എ. വർഗീസ് അച്ചൻ നിർവഹിച്ചു കൊണ്ടിരിക്കുന്ന നേതൃത്വവും ശുശ്രൂഷകളും ശ്ലാഘനീയമാണ്. ആ പ്രദേശത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ അഭ്യുന്നതിയിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചെലുത്തുന്ന സ്വാധീനം അഭിമാനകരമാണ് എന്നു പറയുന്നതിൽ വളരെ സന്തോഷമുണ്ട്.

മല്ലപ്പള്ളി പരയ്ക്കത്താനം സെന്റ് തോമസ് മാർത്തോമ്മാ ഇടവകയ്ക്ക് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു അൺ എയ്ഡഡ് കോളേജ് 'St. Thomas College of Advanced Studies Parackathanam' എന്ന പേരിൽ ഈ അദ്ധ്യയനവർഷം തുടങ്ങാൻ അഫിലിയേഷൻ ലഭിച്ചു. B.Com Computer Application, B.Com Finance & Taxation എന്നീ കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത്. The Administrator, St. Thomas College of Advanced Studies, Parackathanam, Perumpramave P.O., Keezhvaipur, Mallappally. എന്ന മേൽവിലാസത്തിൽ സെപ്റ്റംബർ 19 വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. (കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ Ph: 8281755767.)

മാർത്തോമ്മാ സഭയ്ക്കു ദൈവം നൽകിയവരദാനവും സമസ്ത ജനവിഭാഗങ്ങൾക്കും സ്നേഹാദരണീയനുമായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനി 2017 ഏപ്രിൽ 27–ാം തീയതി നൂറാം വയസിലേക്കു പ്രവേശിക്കുകയാണ്. തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി എല്ലാ ഭദ്രാസനങ്ങളിലും പ്രത്യേക പരിപാടികൾ ക്രമീകരിച്ചുവരികയാണ്. അതിന്റെ തുടക്കം കുറിച്ചുകൊണ്ട് കോട്ടയം–കൊച്ചി ഭദ്രാസന

ത്തിന്റെ ആഭിമുഖ്യത്തിലുള്ള സമ്മേളനം 2016 സെപ്റ്റംബർ 11 ന് ഞായറാഴ്ച 3.30 pmന് കോട്ടയം യെരുശലേം മാർത്തോമ്മാ പള്ളിയിൽ വെച്ചു നടക്കുകയാണ്. ആ സമ്മേളനം ഏറ്റവും അനുഗ്രഹമായിത്തീരുവാൻ എല്ലാവരും പ്രാർത്ഥിക്കണം. വിശ്വാസസമൂഹത്തിന്റെ സജീവ സാന്നിധ്യത്തിലൂടെ യോഗം മംഗളകരമാക്കിത്തീർക്കുവാൻ ഏവരും ഉൽസാഹിക്കണമെന്ന് അറിയിക്കുന്നു.

നമ്മുടെ സഭയിൽ അനുഗൃഹീതമായ ശുശ്രൂഷകൾ നിർവഹിച്ച കീക്കൊഴൂർ മാർത്തോമ്മാ ഇടവകാംഗമായ കൈതപതാലിൽ റവ. കെ.എം. ഏബ്രഹാം (70) മാങ്ങാനം സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ഇടവകാംഗമായ കുഴിമണ്ണിൽ റവ. കെ. തോമസ് മാത്യു (89) എന്നിവർ നിര്യാതരായി. മാതൃകാപരമായ ശുശ്രൂഷകളിലൂടെ പ്രവർത്തിച്ച ഇടവകകളിലും സഭ നിയോഗിച്ച ഇടങ്ങളിലും ധന്യത പകർന്ന ബഹുമാന്യരായ ഈ പട്ടക്കാരിലൂടെ സഭയ്ക്കു ലഭിച്ച സേവനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അവരുടെ ദേഹവിയോഗത്തിൽ സഭയ്ക്കുള്ള അനുശോചനം അറിയിക്കുന്നു. പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

നമ്മുടെ സഭാ പ്രതിനിധിമണ്ഡല യോഗങ്ങൾ സെപ്റ്റംബർ 15, 16, 17 തീയതികളിൽ തിരുവല്ല, ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ വെച്ചു നടക്കുകയാണ്. മണ്ഡലയോഗങ്ങൾ സഭയുടെ കെട്ടുറപ്പും ദർശനവും വെളിപ്പെടുത്തുന്ന അനുഗ്രഹപ്രദമായ അനുഭവമായിത്തീരുന്നതിനും സഭയുടെ കാലോചിതമായ ആവശ്യങ്ങൾ മനസിലാക്കി ദൈവഹിതപ്രകാരം സമുചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്നു താല്പര്യപ്പെടുന്നു.

നമ്മുടെ തിരുവല്ല സെന്റ് തോമസ് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ് നടക്കുന്ന സ്ഥാപനമാണ്. ഇപ്രാവശ്യത്തെ പത്തനംതിട്ട റവന്യൂ ജില്ലാ റ്റി.റ്റി.ഐ. കലോത്സവത്തിൽ സെന്റ് തോമസ് റ്റി.റ്റി.ഐ.യ്ക്ക് ഒന്നാം സ്ഥാനം കരസ്ഥമാക്കുവാൻ കഴിഞ്ഞതിലുള്ള സന്തോഷം അറിയിക്കുന്നു. പ്രോത്സാഹിപ്പിച്ച അദ്ധ്യാപകരെയും തങ്ങളുടെ പ്രതിഭ തെളിയിച്ച വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

'വിദ്യാഭ്യാസം: സഭയുടെ ദൗത്യം' എന്ന സംഗതമായ ചിന്താവിഷയം ധ്യാനിച്ചുകൊണ്ടാണ് നാം സെപ്റ്റംബർ മാസത്തിലെ ധ്യാനങ്ങളിലേക്ക് പ്രവേശിക്കുന്നത്. "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" എന്നും "നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു എന്നും അരുളിച്ചെയ്ത കർത്താവ് സഭയെ ഭരമേൽപിച്ചിരിക്കുന്ന മഹത്തരമായ ശുശ്രൂഷയാണ് ലോകത്തിനു വെളിച്ചം കൊടുക്കുക എന്നത്. മാർത്തോമ്മാ സഭയുടെ ഈ ദർശനമാണ് സഭയുടെ ആഭിമുഖ്യത്തിൽ സ്കൂളുകളും കോളേജുകളും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങുവാൻ സഭയെ പ്രേരിപ്പിച്ചത്. ജീവിതത്തിന്റെ ലക്ഷ്യം ദൈവത്തിൽ നിന്നും പ്രാപിച്ച് ദൈവം നൽകുന്ന ജ്ഞാനംകൊണ്ട് ജീവിതം നിറച്ച് ചുറ്റുപാടുകൾക്ക് വെളിച്ചം കൊടുക്കുന്നതാണ് ശരിയായ വിദ്യാഭ്യാസം എന്ന ദർശനമാണ് സഭയെന്നും പലർത്തിപ്പോന്നിട്ടുള്ളത്. ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വന്നുകൊണ്ട് ജ്ഞാനം നിറഞ്ഞവരായി ആത്മാവിൽ ബലപ്പെട്ടുവരുവാനുള്ള പരിശീലനമാണ് യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തിലൂടെ സാധ്യമാവേണ്ടത്. എങ്കിൽ മാത്രമേ അവർ ദൈവത്തിനും മനുഷ്യർക്കും കൊള്ളാവുന്നവരായി സമൂഹത്തിന് അനുഗ്രഹങ്ങളായിത്തീരുകയുള്ളൂ. അതിനുള്ള ദൈവകൃപയ്ക്കായി പ്രാർത്ഥിക്കാം. വിദ്യാഭ്യാസദിനമായി സെപ്റ്റംബർ 4 ഞായറാഴ്ച നാം ആചരിക്കുമ്പോൾ ഉന്നതമായ വിദ്യാഭ്യാസ ദർശനങ്ങൾ പങ്കുവയ്ക്കുന്ന ഒരു അനുഭവമായിത്തീരട്ടെ എന്നാശംസിക്കുന്നു. സെപ്റ്റംബർ 11 ഞായറാഴ്ച സേവികാസംഘദിനമായി സഭ വേർതിരിച്ചിരിക്കുകയാണ്. നവീകരണ കാലഘട്ടം മുതൽക്കു തന്നെ സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നല്കിയ സഭയാണ് നമ്മുടേത്. ഈ ദർശനത്തോടുകൂടി സേവികാസംഘം ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ആദരണീയവും അനുകരണീയവുമാണ്. സെപ്റ്റംബർ 18 ഞായറാഴ്ച വയോജനദിനമായി നാം ആചരിക്കുന്നു. വയോജനമന്ദിരങ്ങൾ ഇന്ന് സമൂഹത്തിൽ ഒരു അനിവാര്യതയായിത്തീർന്നത് എന്തുകൊണ്ട് എന്ന് നാം ചിന്തിക്കണം - വാർദ്ധക്യം ബാധിച്ചവരെ അവഗണിക്കുകയും തള്ളിക്കളയുകയും ചെയ്യുന്ന പ്രവണത പുതിയ തലമുറയിൽ കണ്ടുവരുന്നത് ഗുരുതരമായ ഒരു അപകടമാണ്. തങ്ങളെ വളർത്തി വലുതാക്കിയവരെ അവരുടെ പ്രയാസ കാലഘട്ടത്തിൽ ഏതെങ്കിലും വയോജന മന്ദിരത്തിന്റെ സംരക്ഷണയിലേക്കു തള്ളിവിടുന്നത് തികഞ്ഞ നന്ദികേടും ക്രൂരതയുമാണ്. മുതിർന്ന തലമുറ നമ്മുടെ ഭവനത്തിന്റെ ഐശ്വര്യമാണ്, അനുഗ്രഹമാണ് എന്നു തിരിച്ചറിയുവാൻ പുതിയ തലമുറയ്ക്കു കഴിയണം.

'ഏകസത്യ ദൈവവും ഇതര വിശ്വാസ സമൂഹങ്ങളും' എന്ന ചിന്തയാണ് സെപ്റ്റംബർ 25 ഞായറാഴ്ച നാം ചിന്തിക്കുന്നത്. നാം നമ്മുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുമ്പോൾ തന്നെയും ഇതര മതവിശ്വാസങ്ങളെയും പ്രത്യയ ശാസ്ത്രങ്ങളെയും ആദരിക്കുവാൻ പഠിക്കേണ്ടതായിട്ടുണ്ട്. സഹകരിക്കാവുന്ന മേഖലകളിൽ സഹകരിക്കുവാനും ഒന്നിനെയും ദ്വേഷിക്കാതെയും അധിക്ഷേപിക്കാതെയും നമ്മുടെ ഹൃദ്യമായ പെരുമാറ്റത്തിലൂടെ ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവത്തിന്റെ മനുഷ്യമുഖം ലോകത്തിനു വെളിപ്പെടുത്തുക എന്നതാണ് നമ്മുടെ ധർമ്മം. യേശുവിന്റെ പരസ്യശുശ്രൂഷാ വേളയിൽ തന്റെ ശിഷ്യനായ യോഹന്നാന് യേശു നൽകിയ ഒരു പ്രബോധനം ശ്രദ്ധേയമാണ്. "നാഥാ, ഒരുത്തൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു; ഞങ്ങളോടുകൂടെ നിന്നെ അനുഗമിക്കായ്കയാൽ അവനെ വിരോധിച്ചു എന്നു യോഹന്നാൻ പറഞ്ഞതിന് യേശു അവനോട്: വിരോധിക്കരുത്; നിങ്ങൾക്കു പ്രതികൂലമല്ലാത്തവൻ നിങ്ങൾക്ക് അനുകൂലമല്ലോ എന്നു പറഞ്ഞു" (ലൂക്കോസ് 9:49, 50). യേശുവിന്റെ ഈ പ്രബോധനത്തിന്റെ പൊരുൾ ഉൾക്കൊണ്ടാണ് നാം പ്രവർത്തിക്കേണ്ടത്.

*"നമ്മോടുള്ള അവന്റെ ദയ വലുതായിരിക്കുന്നു. യഹോവയുടെ വിശ്വസ്തത എന്നേക്കുമുള്ളത്. യഹോവയെ സ്തുതിപ്പിൻ" (സങ്കീ. 117:2)*

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
28-08-2016

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**